# തൊഴിലാളി – ജനപക്ഷ
# കോൺഗ്രസ്സ് – പ്രകടനപത്രിക



**ആർ. ചന്ദ്രശേഖരൻ**
INTUC സംസ്ഥാന പ്രസിഡന്റ്

343 ജനകീയ വാഗ്ദാനങ്ങൾ നൽകി കൊണ്ടുള്ള കോൺഗ്രസ്സ് പ്രകടന പത്രികയിൽ താഴെ പറയുന്ന 33 വാഗ്ദാനങ്ങൾ തൊഴിലാളികൾക്കായി നൽകിയിരിക്കുന്നു.

കോൺഗ്രസ്സിന്റെ പ്രകടനപത്രിക രൂപീകരണ സമിതിയ്ക്ക് മുമ്പാകെ 2024 ജനുവരി 21 ന് ഐ.എൻ.റ്റി.യു.സി. സംസ്ഥാന കമ്മിറ്റി സമർപ്പിച്ച നിർദ്ദേശ ങ്ങളിൽ പലതും ഈ പ്രകടന പത്രികയിൽ ഉൾപ്പെടുത്തുവാൻ കോൺഗ്രസ്സ് തയ്യാറായതിനെ അഭിനന്ദിക്കുന്നു.

## തൊഴിലാളികൾക്കായുള്ള വാഗ്ദാനങ്ങൾ

1. സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ തൊഴിൽ കരാർവൽക്കരണം നിർത്തലാക്കും. അത്തരം തൊഴിലാളികളെ സ്ഥിരം ജീവനക്കാരായി നിയമി ക്കും.
2. കേന്ദ്ര ഗവൺമെന്റിൽ വിവിധ തലങ്ങളിൽ ഒഴിവുള്ള 30 ലക്ഷത്തോളം തസ്തികകളിൽ ഉടൻ നിയമനം നടത്തും.
3. വ്യാപകമായ തൊഴിലില്ലായ്മ കാരണം ഒറ്റത്തവണ ആശ്വാസ നടപടിയെന്ന നിലയിൽ, 2024 മാർച്ച് 15 വരെയുള്ള വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ വായ്പകളും പലിശ ഇനത്തിൽ കുടിശ്ശികയുള്ള തുകയും എഴുതിത്തള്ളി ബാങ്കുകൾക്ക് സർക്കാർ നഷ്ടപരിഹാരം നൽകും.
4. 2019 മുതൽ BJP സർക്കാർ നടപ്പിലാക്കിയ 178 രൂപയെന്ന പ്രതിദിന ദേശീയ മിനിമം ഫ്ളോർ വേതനം 400 രൂപയായി ഉയർത്തി നടപ്പിലാക്കും.
5. പുതിയ ലേബർ കോഡുകൾ തൊഴിലാളി സംരക്ഷണ വ്യവസ്ഥകൾ ഉൾപ്പെ ടുത്തി പരിഷ്കരിക്കും. തൊഴിലാളികളുടെ അദ്ധ്വാനവും മൂലധനവും തമ്മിലുള്ള സന്തുലിതാവസ്ഥ പുനഃസ്ഥാപിക്കുന്നതിനായി നടപടികൾ സ്വീകരിക്കും.
6. മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി തൊഴിലാളികളുടെ പ്രതിദിന വേതനം 400 രൂപയായി ഉയർത്തും.
7. മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് സമാനമായി പട്ടണപ്രദേ ശത്തും തൊഴിലുറപ്പ് പദ്ധതിക്ക് പുതിയ നിയമം നിർമ്മിക്കും.

8. സ്ത്രീകളുടെ വേതനത്തിലെ വിവേചനം തടയുന്നതിനായി 1976 ൽ ഇന്ദിരാ ഗാന്ധി നടപ്പാക്കിയ തുല്ല്യ വേതന നിയമം കർശനമായി നടപ്പാക്കും.
9. 2025 മുതൽ കേന്ദ്ര സർക്കാർ ജോലികളിൽ 50% സ്ത്രീകൾക്കായി സംവരണം ചെയ്യും.
10. ഓരോ ദരിദ്ര ഇന്ത്യൻ കുടുംബങ്ങളിലെ സ്ത്രീകൾക്ക് പ്രതിവർഷം 1 ലക്ഷം നൽകുന്ന മഹാലക്ഷ്മി പദ്ധതി നടപ്പിലാക്കും.
11. വരുമാനത്തിന്റെയും അവസരങ്ങളുടെയും അസമത്വമാണ് ഇന്നത്തെ പ്രധാന പ്രതിസന്ധി. ഇതൊഴിവാക്കാൻ ഓരോ ഇന്ത്യൻ കുടുംബത്തിനും എല്ലാ മാസവും ജീവിക്കാനാവശ്യമായ അടിസ്ഥാന വരുമാനം ഉറപ്പാക്കും.
12. വരുമാനത്തിലും, സമ്പത്തിലും വർദ്ധിച്ചുവരുന്ന ക്രമാതീതമായ അസമത്വം ഇല്ലായ്മ ചെയ്യും.
13. 1952 ൽ നെഹ്റു നടപ്പാക്കിയ തോട്ടം തൊഴിലാളി നിയമവ്യവസ്ഥകൾ കർശനമായി നടപ്പാക്കുകയും തൊഴിലാളികൾക്ക് ന്യായമായ വേതനവും ആനുകൂല്യങ്ങളും ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുകയും ചെയ്യും.
14. അസംഘടിത തൊഴിലാളികളുടെ സേവന-വേതന-സാമൂഹ്യ ആനുകൂല്യങ്ങൾ ഉറപ്പ് വരുത്തുന്നതിനായി കർശന നിയമം നടപ്പാക്കും.
15. അങ്കണവാടി ജീവനക്കാരുടെ എണ്ണം ഇരട്ടിയാക്കുകയും 14 ലക്ഷം അധിക തൊഴിലവസരങ്ങൾ ഈ രംഗത്ത് സൃഷ്ടിക്കുകയും ചെയ്യും.
16. BJP സർക്കാരിന്റെ 4 വർഷത്തെ സൈനീക അഗ്നിപഥ് പദ്ധതി ഒഴിവാക്കും. സാധാരണ സൈനീക നിയമനരീതി നടപ്പാക്കും.
17. 2500-ൽ അധികം ജനസംഖ്യയുള്ള ഗ്രാമങ്ങളിൽ രണ്ടാമത് ഒരു ആശയെകൂടി നിയമിക്കും.
18. പ്രസവാധിയ്ക്ക് ശമ്പളം ലഭ്യമാകുവാനായി 1961 ൽ നെഹ്റു നടപ്പിലാക്കിയ പ്രസവാനുകൂല്യ നിയമം എല്ലാ സ്ത്രീകൾക്കും സർക്കാർ, സ്വകാര്യമേഖലാ വ്യത്യാസമില്ലാതെ കർശനമായി നടപ്പാക്കും.
19. അധ്യാപകരെ മറ്റ് ജോലികളിൽ നിയോഗിക്കുന്നതും, ഉപയോഗിക്കുന്നതും നിർത്തലാക്കും.
20. സ്ഥിരം ഒഴിവുകളിൽ കരാർ അടിസ്ഥാനത്തിലുള്ള അധ്യാപക നിയമനം നിരോധിക്കും. ഈ രീതിയിൽ നിയമിക്കപ്പെട്ടിട്ടുള്ളവരെ സ്ഥിരപ്പെടുത്തും.
21. മുൻനിര ആരോഗ്യ പ്രവർത്തകരായ ആശ, അങ്കനവാടി, NHM, പാലിയേറ്റീവ് കെയർ, പാചകതൊഴിലാളികൾ എന്നിവരുടെ വേതനം ഇരട്ടിയാക്കും.
22. കരകൗശല തൊഴിലാളികളെ ശക്തിപ്പെടുത്തുകയും കരകൗശല അധിഷ്ഠിത സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യും.
23. റേഷൻ കാർഡുകൾ എല്ലാവർക്കും ലഭ്യമാക്കും.

24. പയർ വർഗ്ഗങ്ങളും, പാചക എണ്ണയും പോലുള്ള നിത്യോപയോഗ സാധന ങ്ങൾ റേഷൻകടകൾ വഴി വിതരണം ചെയ്യുവാനുള്ള നടപടികൾ സ്വീകരി ക്കും.
25. അസംഘടിത തൊഴിലാളികൾക്ക് ഗുണകരമാകുംവിധം കുറഞ്ഞ നിരക്കിൽ ഭക്ഷണം ലഭ്യമാകുന്ന ഇന്ദിരാ കാന്റീനുകൾ വ്യാപകമായി ആരംഭിക്കും.
26. നിർത്തിവെച്ച മത്സ്യത്തൊഴിലാളികളുടെ ഡീസൽ സബ്സിഡി പുനഃസ്ഥാപിക്കും.
27. മത്സ്യത്തൊഴിലാളികൾക്ക് ബാങ്ക് ക്രെഡിറ്റ് കാർഡുകൾ നൽകും, കൂടാതെ ദീർഘകാല വായ്പയും നൽകും.
28. മത്സ്യത്തൊഴിലാളികളുടെ ഉപയോഗത്തിനായി തീരപ്രദേശത്ത് മത്സ്യബന്ധന തുറമുഖങ്ങൾ വികസിപ്പിക്കും.
29. മത്സ്യത്തൊഴിലാളികളുടെ സഹകരണ ബാങ്കുകൾ വ്യാപകമായി സ്ഥാപി ക്കും.
30. ഭക്ഷണ-സാധനവിതരണ ജിഗ് തൊഴിലാളികളുടെ സേവന-വേതന സാമൂ ഹ്യസുരക്ഷാ ആനുകൂല്യങ്ങൾ ഉറപ്പ് വരുത്തുന്നതിനായി പ്രത്യേക നിയമം നിർമ്മിക്കും.
31. ഇന്ദിരാഗാന്ധി നടപ്പിലാക്കിയ ഇതരസംസ്ഥാന തൊഴിലാളി സംരക്ഷണ നിയമം കർശനമായി നടപ്പാക്കും.
32. സർക്കാർ സ്ഥാപനങ്ങളിലെയും, സ്വകാര്യ സ്ഥാപനങ്ങളിലെയും തൊഴിൽ, വിദ്യാഭ്യാസം എന്നിവയിലെ വൈവിധ്യം അളക്കുന്നതിനും നിരീക്ഷിക്കു ന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള ഒരു വൈവിധ്യ കമ്മീഷൻ കോൺഗ്രസ് സ്ഥാപിക്കും.
33. മാനുവൽ തോട്ടിപ്പണി കോൺഗ്രസ് അവസാനിപ്പിക്കും. നിലവിലെ തോട്ടിപ്പണിക്കാരെ മറ്റ് ജോലികളിൽ പുനരധിവസിപ്പിക്കും.

**********


Published by V.J. Joseph, General Secretary
for INTUC Kerala State Committee